**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *213 — 19..6..2013-ലെ മറുപടിക്ക്

**ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്<br>" പാലോട് രവി<br>" കെ. ശിവദാസൻ നായർ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ഭക്ഷ്യ സുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വേണ്ടി കർമ്മപരിപാടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | എ) ഫുഡ്സേഫ്റ്റി സ്റ്റാൻഡേർഡ്സ് ആക്ട് ഫലപ്രദമായി സംസ്ഥാനത്ത് നടപ്പിലാക്കുവാൻ കർശനമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഫുഡ്സേഫ്റ്റി ആക്ട് നിഷ്കർഷിക്കുന്ന പ്രകാരം ഫുഡ്സേഫ്റ്റി കമ്മീഷണർ, ജില്ലാതല ഡെസിഗ്നേറ്റഡ് ഓഫീസർമാർ, സർക്കിൾതല ഫുഡ് സേഫ്റ്റി ഓഫീസർമാർ എന്നിവരെ നിയമിച്ചുകൊണ്ട് വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് 114 ഫുഡ് ഇൻസ്പെക്ടർമാരുടെ തസ്തികകളാണ് ഉണ്ടായിരുന്നത്. ഇത് തികച്ചും അപര്യാപ്ത മായതിനാൽ 57 ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ അധിക തസ്തികകൾ ഈ സർക്കാർ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ ഭരണ സംവിധാനം കാര്യക്ഷമമാക്കുവാൻ കമ്മീഷണറേറ്റിൽ രണ്ട് ജോയിന്റ് ഫുഡ് സേഫ്റ്റി കമ്മീഷണർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇപ്പോൾ നിയമസഭയുടെ സബോർഡിനേറ്റ് ലെജി സ്ലേഷൻ കമ്മിറ്റിയുടെ ശുപാർശ പ്രകാരം ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ അധികാര പരിധി നിയമസഭാ മണ്ഡല അടിസ്ഥാനത്തിൽ പുനർ വിന്യാസം നടത്തി 140 സർക്കിളുകൾ |

**രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആഹാര പദാർത്ഥങ്ങൾ പരിശോധിക്കുവാൻ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ അനലിറ്റിക്കൽ** ലാബുകൾ പ്രവർത്തിച്ചു വരുന്നു. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യാ കേരളത്തിലെ മൂന്നു ലാബുകൾക്ക് അത്യാധുനിക ഉപകരണങ്ങളും മറ്റ് സൗകര്യങ്ങൾക്കുമയി 12 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഭക്ഷ്യ വ്യാപാരികൾക്ക് ഭക്ഷ്യ സുരക്ഷയെ സംബന്ധിച്ച് ബോധവൽക്കരണവും പരിശീലനവും നൽകുന്നതിനായി 3000-ൽ അധികം ക്ലാസ്സുകൾ സംസ്ഥാനത്തുടനീളം സംഘടിപ്പിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ പരാതികൾക്ക് ഉടൻതന്നെ പരിഹാരം കണ്ടെത്തുന്നതിനായി പൊതുജനങ്ങൾക്കായി സൗജന്യമായ ടോൾഫ്രീ നമ്പറിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. (1800 425 1125). ഈ വർഷം അനലിറ്റിക്കൽ ലബോറട്ടറികളുടെ പ്രവർത്തനങ്ങൾക്കായി 3.5 കോടി രൂപയും എൻഫോർസ്മെന്റ് വിഭാഗത്തിന് 2.5 കോടി രൂപയും 2013-14 ലെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഇതിൽ മൂന്നു സഞ്ചരിക്കുന്ന അനലിറ്റിക്കൽ ലബോറട്ടറുകളും ഉണ്ട്. ഫുഡ് സേഫ്റ്റി തികച്ചും പുതിയ ഡിപ്പാർട്ട്മെന്റ് ആയതുകൊണ്ട് ഒരു ആസ്ഥാന മന്ദിരം നിർമ്മിക്കുവാനായി 75 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ബി) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

ബി) സംസ്ഥാനത്തിനകത്തു സംഭരിക്കുന്നതും വില്പന നടത്തുന്നതുമായ എല്ലാ ഭക്ഷണ പദാർത്ഥങ്ങളും നിയമം അനുശാസിക്കുന്ന വിധം ശുദ്ധവും സുരക്ഷിതവും ആയിരിക്കണമെന്നുള്ളതാണ് ഈ നിയമത്തിന്റെ പ്രധാന ഉദ്ദേശ്യം. ഇതനുസരിച്ച് ധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, മത്സ്യം, മാംസം, ജലം, പാൽ തുടങ്ങി മനുഷ്യന് ആഹാരമായിട്ടുള്ള മുഴുവൻ വസ്തുക്കളും ജനിതക മാറ്റം വരുത്തിയ ആഹാരപദാർത്ഥങ്ങൾ, ആരോഗ്യ പാനീയങ്ങൾ, ആൾക്കഹോൾ എന്നിവയും ഈ നിയമത്തിന്റെ പരിധിയിൽ വരുന്നതാണ്.

| | | | |
|---|---|---|---|
| സി) | ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്; | സി) | ഈ നിയമം സംസ്ഥാനത്ത് നടപ്പിലാക്കേണ്ടത് നിയമാനുസൃതം നിയമിക്കപ്പെടുന്ന ഭക്ഷ്യ സുരക്ഷാ കമ്മീഷണർ, ജില്ലാ ഡെസിഗ്നേറ്റഡ് ഓഫീസർമാർ, ഫുഡ് സേഫ്റ്റി ഓഫീസർമാർ, ഫുഡ് അനലിസ്റ്റ് എന്നീ ഔദ്യോഗിക പദവികൾ വഹിക്കുന്നവരിലൂടെയാണ്. കൂടാതെ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ള അക്രഡിറ്റഡ് ലാബുകളുടെയും സേവനം വ്യാപാരികൾക്കും നിയമാനുസൃതം ഉപയോഗപ്പെടുത്താവുന്നതാണ്. |
| ഡി) | പദ്ധതിക്കായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | ഡി) | ഫുഡ് സേഫ്റ്റി ആക്ട് നിഷ്കർഷിക്കുന്ന പ്രകാരം ഭക്ഷ്യ സുരക്ഷാ കമ്മീഷണർ, ജില്ലാ ഡെസിഗ്നേറ്റഡ് ഓഫീസർമാർ, ഫുഡ് സേഫ്റ്റി ഓഫീസർമാർ, , ജില്ലാതല ഡെസിഗ്നേറ്റഡ് ഓഫീസർമാർ, സർക്കിൾ തല ഫുഡ് സേഫ്റ്റി ഓഫീസർമാർ എന്നിവരെ നിയമിച്ചുകൊണ്ട് വിജ്ഞാപനം ചെയ്തിട്ടുണ്ട്.<br>നിലവിൽ സംസ്ഥാനത്ത് 114 ഫുഡ് ഇൻസ്പെക്ടർമാരുടെ തസ്തികകളാണ് ഉണ്ടായിരുന്നത്. ഇത് തികച്ചും അപര്യാപ്തമായതിനാൽ 57 ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ അധിക തസ്തികകൾ ഈ സർക്കാർ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ ഭരണ സംവിധാനം കാര്യക്ഷമമാക്കുവാൻ കമ്മീഷണറേറ്റിൽ രണ്ട് ജോയിന്റ് ഫുഡ് സേഫ്റ്റി കമ്മീഷണർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇപ്പോൾ നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ശുപാർശ പ്രകാരം ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ അധികാര പരിധി നിയമസഭാ മണ്ഡല അടിസ്ഥാനത്തിൽ പുനർ വിന്യാസം നടത്തി 140 സർക്കിളുകൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആഹാര പദാർത്ഥങ്ങൾ പരിശോധിക്കുവാൻ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ അനലിറ്റിക്കൽ ലാബുകൾ പ്രവർത്തിച്ചു വരുന്നു. ഈ ലാബുകൾക്ക് ദേശീയ അംഗീകാരം (NABL) കിട്ടുന്നതിനായി വേണ്ടുന്ന നടപടികൾ ത്വരിതഗതിയിൽ ആക്കിയിട്ടുണ്ട്. |

**തിരുവനന്തപുരം അനലറ്റിക്കൽ ലാബിന്റെ അക്രഡിഷൻ പ്രവർത്തികൾ 80% ത്തിലധികം പൂർത്തികരിച്ചിട്ടുണ്ട്.** വരുന്ന 6 **മാസത്തിനകം അക്രഡിറ്റേഷൻ** നടപടികൾ **പൂർത്തിയാക്കാൻ** സാധിക്കുന്നതാണ്.

ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ, ലബോറട്ടറി അക്രഡിറ്റേഷൻ നടപടികളുടെ ഭാഗമായി രാജ്യത്തെ തിരഞ്ഞെടുക്കപ്പെട്ട 35 സർക്കാർ അനലിറ്റിക്കൽ ലാബുകൾ നവീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ ആദ്യഘട്ടത്തിൽ തന്നെ കേരളത്തിലെ മൂന്നു ലാബുകൾക്ക് അത്യാധുനിക ഉപകരണങ്ങളും മറ്റ് സൗകര്യങ്ങൾക്കുമായി 12 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ മറ്റു മാർഗനിർദ്ദേശങ്ങൾക്കായി ഫുഡ്സേഫ്റ്റി കമ്മീഷണർ ഫുഡ്സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റിയുമായി ബന്ധപ്പെട്ടിട്ടുണ്ട്.

സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷക്കാലം ഭക്ഷ്യ ഉൽപ്പാദകർക്കും വിതരണക്കാർക്കും ലൈസൻസ്/രജിസ്ട്രേഷൻ ഇവ നൽകിയ ഇനത്തിൽ 11.5 കോടി രൂപ സർക്കാർ ഖജനാവിൽ മുതൽ കൂടിയിട്ടുണ്ട്. കൂടാതെ ഭക്ഷ്യവ്യാപാരികൾക്ക് ഭക്ഷ്യസുരക്ഷയെ സംബന്ധിച്ച് ബോധവൽക്കരണവും പരിശീലനവും നൽകുന്നതിനായി മുവായിരത്തിലധികം ക്ലാസ്സുകൾ സംസ്ഥാനത്തുടനീളം സംഘടിപ്പിച്ചിട്ടുണ്ട്.

പൂർണ്ണമായും നിയമം നടപ്പാക്കുമ്പോൾ നിയമവിധേയമല്ലാതെ ഉൽപാദനം/ വിൽപന നടത്തുന്നവർക്കെതിരെ കോമ്പൗണ്ടിംഗ്, അഡ്ജുഡിക്കേഷൻ എന്നിവ നടത്തി ഫൈനും ഗുരുതരമായ കുറ്റകൃത്യമാണെങ്കിൽ ജയിൽ ശിക്ഷയും നൽകുന്നു.

സെക്ഷൻ ഓഫീസർ